# നീര വ്യവസായം കേരകർഷകരുടെ പ്രതിസന്ധിക്ക് ഉത്തമ പരിഹാരം: മുഖ്യമന്ത്രി

## കോഴിക്കോട് ജില്ലയിലെ ആദ്യ നീര പ്ലാന്റ് ഉദ്ഘാടനം ചെയ്തു

**സ്വന്തം ലേഖകൻ**

കുറ്റ്യാടി • കേരകർഷകരുടെ പ്രതിസന്ധികൾക്കുള്ള ഉത്തമ പരിഹാരവും സമ്പദ്ഘടനയുടെ ഐശ്വര്യവുമാണു നീര വ്യവസായമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി. കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി (കെസിഎഫ്പിസി) മരുതോങ്കര പഞ്ചായത്തിലെ മുണ്ടവയലിൽ നിർമിച്ച കോഴിക്കോടു ജില്ലയിലെ ആദ്യ നീര പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നീര കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനും യുവജനങ്ങളെ ഈ രംഗത്തേക്കു കൂടുതലായി കൊണ്ടുവരുന്നതിനും സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കും.

നീര ടെക്നീഷ്യന്മാരുടെ ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും. കൂടുതൽ പേർക്കു നീര ചെത്താനുള്ള പരിശീലനം നൽകുന്നതിനും ഇതിനുള്ള ചെലവിനും സർക്കാർ പ്രത്യേക സ്കീം തയാറാക്കും. തെങ്ങിൽ കയറി ചെത്തുന്നതിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു വർഷം പത്തുലക്ഷം ചെറിയ തെങ്ങിൻ തൈകൾ അഞ്ചുവർഷത്തേക്കു വിതരണം ചെയ്യും. നീര കർഷകർക്കു കൂടുതൽ സബ്സിഡി നൽകും. കർഷകനും തൊഴിലാളിക്കും ഉപഭോക്താവിനും ഒരുപോലെ ഗുണം ചെയ്യുന്ന നീര വ്യവസായം സർക്കാർ വിചാരിച്ചതിലുമധികം നേട്ടം കൊയ്യുകയാണ്. തൊഴിലാളിക്ക് ഒരു മാസം 30,000 രൂപ വരെ മാസ വരുമാനം ലഭിക്കുന്നു. 100 വർഷത്തിനു മുകളിൽ പഴക്കമുള്ള എക്സൈസ് നിയമം ഭേദഗതി ചെയ്തു സർക്കാർ ആവിഷ്കരിച്ച നീര പദ്ധതി കേരളത്തിന്റെ അഭിമാനമായി വളരുകയാണ്. കേര കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു സർക്കാർ തുടർനടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.



കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നീര പ്ലാന്റ് ഉദ്ഘാടനം ചെയ്ത ശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രവർത്തനം കാണുന്നു. മുല്ലപ്പള്ളി രാമചന്ദ്രൻ എംപി, ഇ.കെ. വിജയൻ എംഎൽഎ, ടി. സിദ്ദിഖ്, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് തുടങ്ങിയവർ സമീപം.

ചിത്രം: ജയിംസ് ആർപ്പൂക്കര

നീര വിപണനോദ്ഘാടനവും ടെക്നീഷ്യൻമാർക്കുള്ള വേതന വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. വെളിച്ചെണ്ണ പ്ലാന്റ് ശിലാസ്ഥാപനം മുല്ലപ്പള്ളി രാമചന്ദ്രൻ എംപി നിർവഹിച്ചു. കർഷകർക്കുള്ള വേതന വിതരണം ഇ.കെ. വിജയൻ എംഎൽഎയും ഫെഡറേഷനുള്ള വേതന വിതരണം സി.കെ. നാണു എംഎൽഎയും നീര മൂല്യവർധിത ഉൽപന്നങ്ങളുടെ വിതരണോദ്ഘാടനം കെഎഫ്സി മാനേജിങ് ഡയറക്ടർ പി. ജോയ് ഉമ്മനും നിർവഹിച്ചു. കെസിഎഫ്പിസി ചെയർമാൻ ബാബു മത്തത്ത് അധ്യക്ഷത വഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, കെ.സി. ബാലകൃഷ്ണൻ, ഷാജഹാൻ കാഞ്ഞിരവിളയിൽ, കമല ആർ. പണിക്കർ, കെ. സജിത്ത്, കെ.കെ. നഫീസ, കെ.സി. അബു, പി.പി. അശോകൻ എന്നിവർ പ്രസംഗിച്ചു.

രണ്ട് ഏക്കർ പത്തുസെന്റ് സ്ഥലത്ത് 48 ലക്ഷം രൂപ ചെലവിലാണു പ്ലാന്റ് നിർമിച്ചിരിക്കുന്നത്. ദിവസം 8000 ലീറ്റർ നീര ഇവിടെ സംസ്കരിച്ചെടുക്കാം. ശീതളപാനീയത്തിനു പുറമേ ശർക്കരപ്പാനി, തേൻ, വിനാഗിരി, ചോക്ലേറ്റ് എന്നിവയും പച്ചത്തേങ്ങയിൽനിന്ന് ഉരുക്ക് വെളിച്ചെണ്ണയും പ്ലാന്റിൽ ഉൽപാദിപ്പിക്കും. കമ്പനിയുടെ 14 നീര ശേഖരണ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.